
കാലത്തിന്റെ കാല്പാടുകൾ
ജോൺ വേറ്റം


ജോൺ വേറ്റം
കാലത്തിന്റെ കാല്പാടുകൾ



# കാലാനുസൃതം മാറുന്ന കഥകൾ

(ശ്രീ ജോൺ വേറ്റത്തിന്റെ ചെറുകഥകൾ - ഒരു അവലോകനം)

## സുധീർ പണിക്കവീട്ടിൽ

ശ്രീ ജോൺ വേറ്റത്തിന്റെ പതിനേഴു കഥകളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അഞ്ചു ദശാബ്ദമായി പരന്നു കിടക്കുന്ന അദ്ദേഹത്തിന്റെ സാഹിതി സപര്യയിൽ നിന്നും രൂപം കൊണ്ട കഥകൾ എന്നുള്ളതുകൊണ്ട് അവയെല്ലാം സൃഷ്ടിയുടെ വ്യത്യസ്ത തലങ്ങൾ പൂണ്ട് നിൽക്കുന്നു. ഈ കഥകളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് മുന്നിൽ ഒരു നീണ്ട കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ മുഴങ്ങുന്നത് അനുഭവപ്പെടുന്നു. അതുകൊണ്ട് കഥകൾ ഒന്നിനൊന്നു വ്യത്യസ്തമായ ആഖ്യാനരീതി അവലംബിച്ചിട്ടുള്ളതായി കാണാം. ശ്രീ വേറ്റം ആധുനികതക്ക് ഊന്നൽ കൊടുക്കാതെ യാഥാസ്ഥിക സമ്പ്രദായങ്ങളെ അനുകൂലിക്കുന്ന എഴുത്തുകാരനാണ്. അതെ സമയം ചെറുകഥയിൽ വന്ന മാറ്റങ്ങളെ മനസ്സിലാക്കിയ, മാറ്റങ്ങളെ ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിവുള്ള എഴുത്തുകാരനുമാണ്. മലയാള ചെറുകഥാപ്രസ്ഥാനം പല ഘട്ടങ്ങളിലൂടെ കടന്നു ഇന്ന് ആധുനികയെന്ന ഒരു സമ്പ്രദായത്തിൽ എത്തി നിൽക്കയാണ്. ഇതിലൂടെ എഴുത്തുകാർ അവരുടെ സർഗ്ഗശക്തിയുടെ വിവിധ മാനങ്ങൾ വായനക്കാരന് മുന്നിൽ തുറന്നിട്ടു. ചിലതെല്ലാം വെറും അസംബന്ധങ്ങളും നിരൂപകന്റെ തൂലിക തുമ്പിൽ നിന്നും വീഴുന്ന ഔദാര്യത്തിന്റെ ബലത്തിൽ നില നിൽക്കുന്നതുമായി പരിണമിച്ചു. ചിലരെല്ലാം വിശിഷ്ട സാഹിത്യത്തിന് എന്നും മാതൃകയായിരിക്കുന്ന കൃതികളെ ഉൾക്കൊണ്ടുകൊണ്ട് എഴുതാൻ ശ്രമിച്ചു. ആധുനികതയെ അസംബന്ധമാക്കാതെ സാഹിത്യത്തെ പോഷിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. വായനക്കാരും അതേറ്റു വാങ്ങി.

ചെറുകഥയുടെ സുവർണ്ണകാലം നാല്പതുകളിൽ തുടങ്ങി അറുപതുകളുടെ മധ്യത്തിൽ അവസാനിച്ചതായി മലയാളസാഹിത്യം പരിശോധിക്കുമ്പോൾ മനസ്സിലാക്കാം. പിൽക്കാലത്ത് പാശ്ചാത്യകഥകളുടെ സ്വാധീനം എഴുത്തുകാരിൽ ഉണ്ടാകുകയും അവർ അത് അനുകരിക്കാൻ

ശ്രമിക്കുകയുമുണ്ടായി. വായിച്ചാൽ മനസ്സിലാകാത്ത കഥ നല്ല കഥയെന്ന മൂഢവിശ്വാസത്തിൽ എഴുത്തുകാരും വായനക്കാരും അഭിരമിച്ചു. ശ്രീ വേറ്റം ചെറുകഥയുടെ വളർച്ചയും വികാസവും കണ്ട വ്യക്തിയാണ്. തന്റെ ആദ്യകാല കഥകളിൽനിന്നും കാലാനുസൃതമായ മാറ്റങ്ങൾ കൈകൊണ്ടതല്ലാതെ ഒരു പ്രസ്ഥാനവും അനുകരിക്കാൻ അദ്ദേഹം തയ്യാറായില്ല. തന്മൂലം തന്റേതായ ഒരു ശൈലി രൂപപെടുത്തിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് അദ്ദേഹത്തിന്റെ കഥകൾ സാക്ഷ്യം വഹിക്കുന്നു.

ഏതു എഴുത്തുകാരന്റെ  കഥയായാലും അതിനെ ആധുനിക കഥാരചനാ സമ്പ്രദായത്തിന്റെ മാനദണ്ഡത്തിലൂടെ കാണുകയും വിലയിരുത്തുകയും ചെയ്യണമെന്ന്  ശഠിക്കുന്നത് ശരിയായ ചിന്താഗതിയല്ല. ശ്രീ ജോൺ വേറ്റത്തിന്റെ കഥകൾ കേന്ദ്രീകരിക്കുന്നത് മനുഷ്യബന്ധങ്ങളിലേക്കാണ്. സമൂഹത്തിൽ നില നിൽക്കുന്ന അനീതികളും ചൂഷണങ്ങളും ചതിയും മനുഷ്യജീവിതത്തെ എങ്ങനെ ബാധിക്കുന്നവെന്ന എഴുത്തുകാരന്റെ കാഴ്ച്ചപ്പാടുകളിലേക്കാണ്. ജീവിത സാഹചര്യങ്ങൾ മാറുമ്പോൾ മനുഷ്യൻ മാറുന്നു. സ്വാർത്ഥതയുടെ അന്ധകാരത്തിൽ അവൻ വെളിച്ചം തേടുന്നില്ല. അതുകൊണ്ട് ധാർമിക മൂല്യങ്ങൾക്ക് ഇടിവുണ്ടാകുന്നു. മനുഷ്യ ജീവിതത്തിലെ ഇത്തരം സംഘർഷങ്ങളെ  ആവിഷ്ക്കരിക്കാൻ അദ്ദേഹം സ്വീകരിച്ചിരിക്കുന്ന രീതി അദ്ദേഹത്തിന്റെ സ്വന്തമാണ്. അതുകൊണ്ട് കഥകളെ ആ  തലത്തിൽ കണ്ടുകൊണ്ട് വേണം അപഗ്രഥനം ചെയ്യാൻ.

ജീവിതാനുഭവങ്ങളിൽനിന്ന്  പ്രചോദനം ഉൾക്കൊണ്ടെഴുതിയ കഥകൾ ചിലതെല്ലാം വിവരണാത്മകമാകുന്നത് (narrative) അവ കൂടുതൽ വിശ്വസനീയമാകാൻ കഥാകൃത്ത് ശ്രമിക്കുന്നത്കൊണ്ടാണെന്നു മനസ്സിലാക്കാം. ഒരു യഥാർത്ഥ സംഭവത്തെ കഥാകൃത്തിന്റെ ഭാവനയിൽ കാണുമ്പോൾ അതിനെ മനുഷ്യരാശിക്ക് പ്രയോജനകരമായ വിധത്തിൽ ആവിഷിക്കരിക്കുക എന്ന ധാർമിക ബോധം ഈ കഥകൃത്ത് സത്യസന്ധമായി പാലിക്കുന്നു. ഓരോ കഥകളുടെയും ഘടന, ഭാഷ, ആവിഷ്കാരരീതി എന്നിവ വ്യത്യസ്തമായി കാണുന്നത്  കഥാകൃത്തിനു രചനയോടുള്ള പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു.

കാലം മാറുമ്പോൾ കഥകൾ  മാറുന്നുവെന്ന് പറയുന്നത് വാസ്തവത്തിൽ

മനുഷ്യർ ജീവിതത്തെ സമീപിക്കുന്ന രീതിയിൽ മാറ്റം വരുന്നത്കൊണ്ടാണ്. അത് ആവിഷ്കരിക്കാൻ അതിഭാവുകത്വം കലർത്തി ദുരൂഹത നില നിറുത്തുക എന്ന ശൈലിയോട് ശ്രീ വേറ്റത്തിനു പ്രതിപത്തിയില്ലെന്നു അദ്ദേഹത്തിന്റെ കഥകൾ സ്ഥാപിക്കുന്നു, കൃത്രിമത്വവും, ദുരൂഹതയും, അവിശ്വസനീയതയും അകറ്റി നിറുത്തികൊണ്ട് സുതാര്യവും, സ്പഷ്ടവുമായ ഒരു രചനാ രീതി ഇദ്ദേഹം സ്വീകരിക്കുന്നു. ജീവിതായോധനത്തിനായി പ്രവാസികളാകേണ്ടിവരുന്ന മലയാളികളുടെ കഥകൾ പറയുമ്പോൾ വസ്തുനിഷ്ഠമായ ഒരു അന്തരീക്ഷം കഥകളിൽ നിറഞ്ഞുനിൽക്കുന്നത് അവയെല്ലാം ജീവിതഗന്ധിയായത്കൊണ്ടാണ്. ഉത്തരേന്ത്യയിലെ പല ഭാഗങ്ങളിലും ജീവിച്ച് ഇപ്പോൾ അമേരിക്കയിൽ ജീവിക്കുന്ന കഥകൃത്തിനു പ്രവാസികളുടെ ജീവിതം സുപരിചിതമാണ്. ആ പരിചിതത്വതം പകർത്തുകയെന്ന യാന്ത്രികതയല്ല അദ്ദേഹത്തിന്റെ രചന രീതി. അദ്ദേഹം അവരുടെ ജീവിതത്തിൽ നിന്നും കണ്ടെത്തുന്ന മുഹൂർത്തങ്ങൾക്ക് ഒരു ആത്മാവ് കൊടുക്കുകയാണ്. അപ്പോൾ വായനക്കാരന്റെ മുന്നിൽ ഒരു യഥാർത്ഥ ജീവിതത്തിന്റെ ചിത്രം തെളിയുന്നു. കഥകളെ ഉദ്വേഗജനകവും, ആശങ്കാഭരിതവുമാക്കി വായനക്കാരന്റെ ക്ഷമയെ പരീക്ഷിക്കാനുള്ള സാങ്കേതികത്വം ഉപയോഗിക്കാതെ അനായാസമായ കഥാകഥനത്തിലൂടെ വായനക്കാരന്റെ മനസ്സിനെ തൊട്ടുണർത്തി അവരെ ചിന്തയുടെ ലോകത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിയുന്നു. കഥകളിലെ സാഹചര്യങ്ങൾ വിവരിക്കുമ്പോൾ ഒരു തത്വചിന്തകനെപോലെ കഥാകൃത്ത് ചില അറിവുകൾ നമുക്ക് നൽകുന്നു.ചില ഉദാഹരണങ്ങൾ - ***"സത്യം ബന്ധനവും അറിവ് ദു:ഖവുമാകുന്നു . ഭാവി ജീവിതത്തെ തീർഥാടനമാക്കാൻ തങ്കച്ചൻ ഇഷ്ടപ്പെട്ടില്ല. ജ്ഞാനം അഹന്തയോട് അഭിപ്രായം ചോദിക്കരുതല്ലോ?സ്വയം രക്ഷിക്കാനാവാത്ത ഒരു അവസ്ഥ ഉണ്ടാക്കരുത്. നമ്മുടെ ജീവിതത്തിനു ഒരർത്ഥവുമില്ല. ദൈവം തരുന്ന നന്മകളെ അനുഭവിക്കാൻ ഭയക്കുന്ന ഭീരുക്കളാണ് നമ്മൾ. അത്യാധുനികതയുടെ മുന്നിൽ പാരമ്പര്യങ്ങൾക്ക് വിലയില്ലേ?"*** ഇത്തരം ധാരാളം ഉദ്ധരണികൾ ഉണ്ട്. ഇത്രയും സൂചിപ്പിക്കുന്നത് കഥാകൃത്തിന്റെ തത്വദർശനം അദ്ദേഹം തന്റെ കഥകളിലൂടെ പകർന്നുതരുന്നു എന്ന് അറിയിക്കാനാണ്.

"MotJust" എന്ന്ഇംഗളീഷിൽ പറയുന്ന രീതി കഥാകൃത്തിന്റെ

ശക്തിയാണ്.ഉദ്ദേശിച്ച അർത്ഥത്തെ കൃത്യമായി ആവിഷ്കരിക്കുന്ന പ്രയോഗങ്ങളിലൂടെ അദ്ദേഹം കഥകളെ വായനാസുഖവും വിശ്വസനീയവുമാക്കുന്നു. കഥകളിലെ കഥാപാത്രങ്ങളുടെ വളർച്ചയും അവരുടെ പ്രവൃത്തികളും സമൂഹമധ്യത്തിലെ പല വ്യക്തികളെയും പ്രതിനിധീകരിക്കുന്നുവെന്നത് കഥാകൃത്തിന്റെ യാഥാർത്ഥ്യവാദത്തോടുള്ള (Realism) ആഭിമുഖ്യം കൊണ്ടായിരിക്കും. കഥയിലെ കഥാപാത്രങ്ങളെ നമുക്ക് പരിചയമുണ്ടായിരിക്കാം എന്നാൽ അടുത്തറിയുന്നത് കഥാകൃത്തിന്റെ കഥകളിലൂടെയാണ്. കഥാപാത്രങ്ങളുടെ സംഭാഷണം ശ്രദ്ധേയമാണ്. കൃത്രിമത്വമോ അതിഭാവുകത്വമോ ഇല്ലാതെ സന്ദര്ഭങ്ങൾക്കനുസരിച്ചുള്ള അവരുടെ സംസാരരീതി നാമെവിടെയോ കേട്ടുമറന്നതുപോലെ എന്ന് തോന്നിക്കുംവിധം വളരെ സ്വാഭാവികമാണ്.

സൂക്ഷ്മതയോടെയുള്ള പദപ്രയോഗമിതത്വം മിക്ക കഥകളിലും കാണാമെങ്കിലും ചില കഥകൾ കഥകളുടെ പരിധി വിട്ടുപോകുന്നുണ്ട്. അതുകൊണ്ട് അവക്ക് മികവ് നഷ്ടപ്പെടുന്നില്ല. അതിനു കാരണം കഥയും കഥാപാത്രങ്ങളും കഥാകൃത്തിന്റെ രചനാതന്ത്രങ്ങൾക്ക് വഴങ്ങുന്നത്കൊണ്ടാണ്. ജീവിതം തന്നെ അപ്പടി പകർത്തുമ്പോൾ ചിലപ്പോഴെല്ലാം കഥയിലെ സാഹചര്യങ്ങൾ തെന്നിപോകയും പുതിയ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നത് സ്വാഭാവികമാണ്. അത്തരം രചനാതന്ത്രങ്ങൾ കഥയെ കൂടുതൽ വിശ്വസനീയമാക്കുന്നുണ്ട്. അതേസമയം കഥാകൃത്തിന്റെ കഥനരീതി ജീവിതത്തിന്റെ നേർക്കാഴ്ച്ചകളെ കാണിക്കുന്നതിലുള്ള സത്യസന്ധതയുമാകാം. എന്നാൽ അത് കഥയുടെ ഗതിയിൽ വിരസത ഉണ്ടാക്കുന്നില്ല. കഥാകൃത്തിനു സമൂഹത്തോടുള്ള ഉത്തരവാദിത്വത്തിന്റെ നിർവ്വഹണത്തിനായി അത്തരം സാങ്കേതികത്വം ഉപയോഗിക്കുക സാധാരണമാണ്. ഇതിവൃത്തങ്ങളുടെ സ്വഭാവമനുസരിച്ച് കഥകളെ കർശനമായി അതിന്റെ ഹ്യസ്വപരിധിയിലൊതുക്കാൻ പ്രയാസമാകുന്നത് മനസ്സിലാക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ ബിംബങ്ങളും ദുരൂഹതകളും പ്രയോഗിച്ച് കഥകളെ സംഗ്രഹിക്കുന്ന രീതിയുമുണ്ട്. ശ്രീ വേറ്റം തന്റെ രചനകളിൽ അത്തരം പ്രവണതകൾക്ക് വിധേയനാകുന്നില്ല. സമൂഹത്തിലെ അനാചാരങ്ങൾ ചില കഥകളിൽ രസകരമായി പ്രതിപാദിച്ചിട്ടുണ്ട്. “തീണ്ടലും, തിരണ്ടുകല്യാണവും, ജാതി ചിന്തയും,

തൊട്ടുകൂടായ്മയുമൊക്കെ നില നിന്നിരുന്ന ഒരു സമൂഹത്തിൽ ഒരിക്കലും രഹസ്യ വേഴ്ച്ചകൾക്ക് അതൊന്നും ബാധകമായിരുന്നില്ല", എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

വഴികൾ എന്ന കഥ ഗൃഹാതുരത്വം നിറഞ്ഞുനിൽക്കുന്ന കഥയാണ്. വൈകി ഉദിച്ച വിവേകത്തിന്റെ കഥയാണ്. വഴികൾ എന്ന ശീർഷകം കഥ സഞ്ചരിക്കുന്ന വഴികളോട് നീതിപുലർത്തുന്നു. വെളിച്ചം നിലച്ചപോലെ നല്ലകാലം നിലച്ചുവെന്നു അദ്ദേഹം ഈ കഥയിൽ പറയുന്നു. ചുരുങ്ങിയ വരികളിലൂടെ വലിയ കഥാസന്ദർഭങ്ങൾ അങ്ങനെ അദ്ദേഹം വിവരിക്കുന്നു. ആഭിജാത്യത്തിന്റെ പേരിൽ ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടുന്നത് ശ്രദ്ധിക്കാത്ത ഒരു കാലഘട്ടത്തിന്റെ നേർചിത്രം ഇതിൽ കാണാം. ആധുനികസൗകര്യങ്ങളുടെ സ്പർശം ജീവിതത്തെ മനോഹരമാക്കുന്നു എന്ന തത്വവും ഈ കഥയിലൂടെ പറയുന്നുണ്ട്.

വിവാഹജീവിതത്തിൽ ഭാര്യ ഭർത്താക്കന്മാർ ഉയർത്തിപ്പിടിക്കുന്ന ആദർശങ്ങൾക്ക് പൊരുത്തപ്പെടാനാകാതെ വരുമ്പോൾ ദാമ്പത്യം തകരുന്നുവെന്ന ദയനീയസത്യം പല കഥകളിലൂടെ അനാവരണം ചെയ്യുന്നുണ്ട്. അമേരിക്കയിലെ പ്രവാസി മലയാളികളുടെ ജീവിതത്തിൽ നിന്നും കണ്ടെത്തിയ യാഥാർഥ്യങ്ങളെ കലാരൂപത്തിൽ ആവിഷ്ക്കരിക്കുമ്പോൾ അത് കഥയുടെ രൂപം കൈകൊള്ളുമ്പോൾ അതിലെ ചോരപൊടിയുന്ന ജീവിതമുഹൂർത്തങ്ങൾ വായനക്കാരന്റെ വികാരങ്ങളെ ഉണർത്തുന്നു. വിവാഹപൂർവ്വബന്ധത്തിൽ ഗർഭിണിയാവുകയും അത് അലസിപ്പിക്കേണ്ടിവരുകയും പിന്നെ വേറൊരു ജീവിതത്തിലേക്ക് അതൊന്നും അറിയിക്കാതെ പ്രവേശിക്കയും എന്നാൽ കർമ്മങ്ങൾ പിന്തുടരുന്നത് പോലെ അതെല്ലാം പുറത്ത് വരികയും ഭർത്താവിനാൽ പരിത്യക്തയായി വീട് വിടേണ്ടി വരികയും ചെയ്ത ഒരു സ്ത്രീയുടെ കഥ എങ്ങനെ മൂല്യാധിഷ്ഠിതമായ ആചാരങ്ങൾക്ക് സ്നേഹബന്ധങ്ങളെ തകർക്കാമെന്നു ശക്തമായി തെളിയിച്ചിരിക്കുന്നു (കനലുകൾ എന്ന കഥ).

ഒരു കഥ വായിക്കുമ്പോൾ വായനക്കാരനെ കൂടുതൽ സ്വാധീനിക്കുന്നത് എഴുത്തുകാരന്റെ ശൈലിയായിരിക്കും. നേരത്തെ സൂചിപ്പിച്ചപോലെ ശ്രീ വേറ്റം അദ്ദേഹത്തിന്റേതായ ഒരു ശൈലി രൂപപ്പെടുത്തിയിട്ടുണ്ട്.

ആധുനികതയുടെ പ്രീതി സമ്പാദിക്കാൻ തന്റെ ശൈലിയിൽ മാറ്റം വരുത്തുവാൻ അദ്ദേഹം ഉദ്ദേശിക്കുന്നില്ല. ചില ഉദ്ധരണികളുടെ സഹായത്തോടെ കഥകളെ ആകർഷകമാക്കാനും അതേസമയം ആകാംക്ഷാഭരിതമാക്കാനും അദ്ദേഹത്തിന് കഴിയുന്നു. ഒരു കഥയിൽ "ആ മനുഷ്യൻ നീ തന്നെ" എന്ന ഒരു പ്രയോഗത്തിലൂടെ കഥയിലെ നായകൻറെ മാനസിക സംഘർഷങ്ങൾ നമ്മെ അനുഭവപ്പെടുത്തുണ്ട്. നേരിട്ടുള്ള ആഖ്യാനമാണ് മിക്ക കഥകളിലും നമ്മൾ കാണുന്നത്. അതേസമയം ഇതിവൃത്തം ക്രമേണ വികസിപ്പിക്കുന്ന രീതിയും അദ്ദേഹം പരീക്ഷിക്കുന്നു. അമേരിക്കയിൽ കുടിയേറി താമസിക്കുന്ന മലയാളികളുടെ കഥ പറയുമ്പോൾ ഇരക്കൊപ്പം അനുകമ്പ ചൊരിയുന്ന ഒരു മനസ്സ് കഥാകൃത്ത് പ്രകടമാക്കുന്നുണ്ട്. എപ്പോഴും നന്മക്കൊപ്പം നിൽക്കുക എന്ന ആദർശം ഇദ്ദേഹം മുറുകെപ്പിടിക്കുന്നത്കൊണ്ടാണ് അങ്ങനെ ഒരു സ്വാധീനമുണ്ടാകുന്നത്. അത്തരം കഥകളിലൂടെ സമൂഹനന്മ അദ്ദേഹം ആഗ്രഹിക്കുന്നു.

ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്ന വഴികൾ, വെളിച്ചം വിളിക്കുന്നു എന്നീ കഥകൾ അമേരിക്കയിലെ ഒരു ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ കഥാമത്സരങ്ങളിൽ പരിഗണിച്ചവയാണ്. ശ്രീ വേറ്റം മലയാള സാഹിത്യത്തിന് നൽകിയ സമഗ്ര സംഭാവനകൾ മാനിച്ചുകൊണ്ട് അമേരിക്കയിലെ ഓൺലൈൻ പ്രസിദ്ധീകരണമായ ഇ മലയാളി 2018 ൽ അദ്ദേഹത്തെ ഫലകം നൽകികൊണ്ട് ആദരിക്കയുണ്ടായി.

അതേപോലെ ന്യുയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന വിചാരവേദിയെന്ന സാഹിത്യസംഘടനയും അദ്ദേഹത്തെ സമുചിതമായി അംഗീകാരങ്ങൾ നൽകി ആദരിക്കയുണ്ടായി.

ശ്രീ വേറ്റത്തിന്റെ കഥകൾ വായിക്കുമ്പോൾ അദ്ദേഹം നന്മയുടെ ഉപാസകനാണെന്നു കാണാം. ഒരു പ്രവാസി എത്ര തന്നെ അവൻ കുടിയേറിയ രാജ്യത്ത് സമ്പന്നതയും സൗഭാഗ്യവും നേടിയാലും അവന്റെ ഉള്ളിൽ പിറന്ന നാടിന്റെ ഓർമ്മകളുടെ നിലക്കാത്ത അലകൾ ഉണ്ടാകുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. മാനുഷിക ബന്ധങ്ങളുടെ ഉറപ്പ് പരസ്പര വിശ്വാസങ്ങളിലധിഷ്ഠിതമാണെന്നു അദ്ദേഹം കഥകളിലൂടെ ബോധ്യപ്പെടുത്തുന്നുണ്ട്. മാതാപിതാക്കളെ

ആദരിക്കുകയെന്ന ബൈബിൾ വചനം അക്ഷരംപ്രതി അനുസരിക്കുന്ന ശ്രീ വേറ്റം തന്റെ കഥാപാത്രങ്ങളെ അതനുസരിപ്പിക്കയും അനുസരണക്കേട് കാണിച്ചവർക്ക് വിധി നൽകുന്ന പാഠങ്ങളെയും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. നമ്മോട് അടുത്തിരുന്ന് കഥ പറയുന്ന ഒരു രീതിയും അദ്ദേഹം ചില കഥകളിൽ സ്വീകരിക്കുന്നുണ്ട്. എല്ലാ കഥകളും ലക്ഷ്യം വയ്ക്കുന്നത് മനുഷ്യമനസ്സുകളിൽ ധാർമ്മിക ബോധവും, സദാചാരനിഷ്ഠയും, ദൈവിക ചിന്തയും നിറക്കുന്നതിലാണ്.

ഈ പുസ്തകത്തിലെ കഥകൾ സഹൃദയ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ എനിക്കവസരം തന്നതിൽ ശ്രീ വേറ്റത്തിനു നന്ദിയർപ്പിക്കുന്നു. സഹൃദയലോകത്തിനു മുന്നിൽ സഹർഷം ഈ കഥകളെ അവതരിപ്പിക്കുന്നു.

ശ്രീ വേറ്റത്തിനു സകല ഭാവുകങ്ങളും നേരുന്നു.

**ശുഭം**